## പതിമൂന്നാം കേരള നിയമ
## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.642 10.03.2015-ൽ മറുപടിക്ക്

### സംരംഭക പദ്ധതികളുടെ രൂപീകരണം-മിഷൻ 676

ചോദ്യം

ശ്രീ.റ്റി.എൻ.പ്രതാപൻ;

ശ്രീ.എ.പി.അബ്ദുള്ളക്കുട്ടി;

ശ്രീ.എ.റ്റി.ജോർജ്;

ശ്രീ.ബെന്നി ബെഹനാൻ:

ഉത്തരം

ശ്രീ.പി.കെ.കുഞ്ഞാലികുട്ടി

(വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സ്റ്റാർട്ട് അപ് വില്ലേജ് ഉൾപ്പെടെയുള്ള സംരംഭക പദ്ധതികളുടെ രൂപീകരണത്തിന് മിഷൻ 676-ൽ ഉൾപ്പെടുത്തിയിട്ടുള്ള കാര്യങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ; | (എ) | വിദ്യാർത്ഥികളെയും യുവാക്കളെയും സംരംഭകരാക്കാനുള്ള സ്റ്റാർട്ട് അപ് പദ്ധതിയിൽ രണ്ടു വർഷം കൊണ്ട് ഇരുന്നൂറിലധികം സ്റ്റാർട്ട് അപ്പുകൾക്ക് തുടക്കമായി.ദേശീയതലത്തിൽ തന്നെ ശ്രദ്ധിക്കപ്പെട്ട സംരംഭമായി ഇതു മാറി. വിദ്യാർത്ഥി സംരംഭകർക്ക് 20% ഹാജർ ഇളവ് , 4% ഗ്രേസ് മാർക്ക്, ബജറ്റിന്റെ ഒരു ശതമാനം തുടങ്ങിയ ആനുകൂല്യങ്ങൾ പ്രഖ്യാപിച്ചു.അഞ്ചു വിദ്യാർത്ഥികൾക്ക് സിലിക്കൺ വാലി സന്ദർശിക്കാൻ അവസരമൊരുക്കി. അവിടം സന്ദർശിക്കുന്ന വിദ്യാർത്ഥി സംരംഭകർക്ക് വേണ്ടി സിലിക്കൺ വാലി ലാൻഡിംഗ് പാഡും തുറക്കും. വിദ്യാർത്ഥിനി സംരംഭകർക്ക് 5% ഗ്രേസ് മാർക്ക് നൽകി കൂടുതൽ പ്രോൽസാഹനം നൽകും. |
| (ബി) | ഇതിനായി ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ? | (ബി) | രാജ്യത്തെ നമ്പർ വൺ സ്റ്റാർട്ട് അപ് കേന്ദ്രമാക്കി കേരളത്തെ മാറ്റുകയാണ് ലക്ഷ്യമിടുന്നത് .ഇതിനായി ആവിഷ്കരിച്ച പദ്ധതികൾ ചുവടെ ചേർക്കുന്നു:<br>1.റാസ് പ്ബെറി പൈ പ്രോഗ്രാം |

| | | | |
|---|---|---|---|
| | | | 2.നേതൃത്വ പരിശീലന പരിപാടി<br>3.അന്തർദേശീയ സംരംഭകത്വ എക്സ്ചേഞ്ച് പരിപാടി<br>4.സ്റ്റാർട്ട് അപ് ബൂട്ട് ക്യാമ്പ്<br>5.ഫാബ് ലാബ്<br>6.സ്റ്റാർട്ട് അപ് ബോക്സ് ക്യാമ്പയൻ |
| (സി ) | പദ്ധതികൾ ആവിഷ്കരിക്കുന്നതിനും നടപ്പാക്കുന്നതിനും ഭരണതലത്തിൽ സ്വീകരിക്കനുദ്ദേശിക്കുന്ന നടപടികൾ വിശദമാക്കാമോ? | (സി) | പദ്ധതി ആരംഭിക്കുന്നതിന്റെ ഭാഗമായി ടെക്നോപാർക്ക് ടി.ബി.ഐ. യുടെ ബോർഡ് ഓഫ് ഗവേർണൻസിൽ മാറ്റം വരുത്തുകയും ബോർഡിന്റെ ചെയർമാനായി മുഖ്യമന്ത്രിയും വൈസ് ചെയർമാനായി വ്യവസായ-ഐ.ടി. വകുപ്പ് മന്ത്രിയെയും നിയമിച്ചു.കൂടാതെ വ്യവസായ- ഐ.ടി വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ചെയർമാനായി ടി.ടി.ബി.ഐ. എക്സിക്യൂട്ടീവ് കമ്മിറ്റി പുനക്രമീകരിക്കുകയും ചെയ്തു. |

സെക്ഷൻ ഓഫീസർ